പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1831

10.03.2020 ൽ മറുപടിക്ക്

## ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ

| ചോദ്യം<br><br>ശ്രീ.സി. ദിവാകരൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br><br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം നൽകാമോ; | (എ) | നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ കരകുളം, തോന്നക്കൽ എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിലെ മാണിക്കൽ പ്രാഥമികാരോഗ്യകേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കി പരിവർത്തനം ചെയ്ത് കഴിഞ്ഞ മാസം ഉദ്ഘാടനം നടത്തി പ്രവർത്തനമാരംഭിച്ചു. വെമ്പായം പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ എല്ലാ സ്ഥാപനങ്ങളിലും നിലവിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ടി ആശുപത്രികളിൽ ശ്വാസ്, ആശ്വാസ് എന്നീ സേവനങ്ങളും നയനാമൃതം പദ്ധതിയും ലഭ്യമാണ്. ഇ-ഹെൽത്ത് സംവിധാനത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളിൽ ടോക്കൺ സിസ്റ്റം, അഡ്വാൻസ് ബുക്കിംഗ് സൗകര്യം എന്നിവയും 60 വയസ്സ് കഴിഞ്ഞവർക്ക് പ്രത്യേക കൗണ്ടറും ലഭ്യമാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഈ മണ്ഡലത്തിൽ എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്നും അവ ഏതെല്ലാം ആശുപത്രികളിലെന്നും വ്യക്തമാക്കുമോ? | (ബി) | ആർദ്രം പദ്ധതി പ്രകാരം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. കുടുംബാരോഗ്യകേന്ദ്രം, കരകുളം**<br><br>അസിസ്റ്റന്റ് സർജൻ-1<br><br>ഫാർമസിസ്റ്റ് - 1 |

| | | | |
|---|---|---|---|
| | | | ലാബ് ടെക്നീഷ്യൻ - 1<br>**2. കുടുംബാരോഗ്യകേന്ദ്രം, തോന്നക്കൽ**<br>അസിസ്റ്റന്റ് സർജൻ -1<br>ഫാർമസിസ്റ്റ് - 1<br>സ്റ്റാഫ് നഴ്സ് - 2<br>ലാബ് ടെക്നീഷ്യൻ - 1<br>3) **കുടുംബാരോഗ്യകേന്ദ്രം, വെമ്പായം**<br>അസിസ്റ്റന്റ് സർജൻ -1<br>സ്റ്റാഫ് നഴ്സ് -1<br>4) **കുടുംബാരോഗ്യകേന്ദ്രം, മാണിക്കൽ**<br>അസിസ്റ്റന്റ് സർജൻ-1<br>ലാബ് ടെക്നീഷ്യൻ - 1<br>സ്റ്റാഫ് നഴ്സ് -1 |

സെക്ഷൻ ഓഫീസർ